**ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയം**

വഞ്ചിയൂർ പിഒ, തിരുവനന്തപുരം പിൻ– **695035**

ഫോൺ: **0471 2302490** ഫാക്സ്: **0471 2303025 / 2303080**

ഇമെയിൽ: **dhskerala.hlth@kerala.gov.in** വെബ്സൈറ്റ്: **www.dhs.kerala.gov.in**

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് – ജീവനക്കാര്യം - ഡോ രേഷ്മ പി എം (**Dr Reshma P M PEN 765752**) , അസിസ്റ്റന്റ് സർജൻ / കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- **1. DMOH-TSR/450/2025-A6** തീയതി **17.01.2025**

2 ഡോ രേഷ്മ പി എം സമർപ്പിച്ച അപേക്ഷ തീയതി **03.07.2024**

3. കാരണം കാണിക്കൽ നോട്ടീസ് നം **DHS/28784/2024-EA4** തീയതി. **17.06.2025**

4. ഡോ രേഷ്മ പി എം സമർപ്പിച്ച അപേക്ഷ തീയതി **23.06.2025**

5. ഡോ രേഷ്മ പി എം സമർപ്പിച്ച അപേക്ഷ തീയതി **30.07.2025**

6. **GO (P) No 55/2020/**ആകുവ തീയതി **16.08.2020**

7. നം **DHS/28784/2024-EA4** തീയതി. **30.07.2025**

8. ഡോ രേഷ്മ പി എം സമർപ്പിച്ച ഇമെയിൽ തീയതി **08.08.2025**

9. നം **DHS/28784/2024-EA4** തീയതി. **06.11.2025.**

**ഉത്തരവ് നം. DHS/28784/2024-EA4 തീയതി. 20-01-2026**

ഡോ രേഷ്മ പി എം (**Dr Reshma P M PEN 765752**) **27.01.2016** ന് സേവനത്തിൽ പ്രവേശിച്ച വ്യക്തിയാണ്. തൃശ്ശൂർ ഇരിങ്ങാലക്കുട ജനറൽ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലി ചെയ്തു വരവെ **26.01.2020** മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നു. **03.07.2024** ലെ പരാമർശം (**2**) പ്രകാരം തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് താല്പര്യം

പ്രകടിപ്പിച്ച് ഉചിതമാർഗ്ഗേന ആല്ലാതെ ഡോ രേഷ്മ പി എം അപേക്ഷ സമർപ്പിച്ചു. ടിയാൾ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന വിവരം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി താത്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പരാമർശം (4) പ്രകാരം ഡോ രേഷ്മ പി എം മറുപടി സമർപ്പിച്ചു.തിരികെ സേവനത്തിൽ പ്രവേശിക്കുവാൻ താല്പര്യപ്പെടുന്നതായും നേരിൽ കേൾക്കുന്നതിന് അവസരം നൽകണമെന്നും അപേക്ഷയിൽ അറിയിച്ചു. ആയതിനാൽ **30.07.2025** ന് ആരോഗ്യ വകുപ്പ് ഡയറക്ടർ ടിയാളെ നേരിൽ കേൾക്കുകയും വസ്തുതൾ ബോധിപ്പിക്കുന്നതിന് അവസരം നൽകുകയും ചെയ്തു. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതിൽ ഖേദിക്കുന്നതായും ഭാവിയിൽ വീഴ്ചകൾ ആവർത്തിക്കുകയില്ലെന്നും തിരികെ സേവനത്തിൽ പ്രവേശിപ്പിക്കണമെന്നും അപേക്ഷ സമർപ്പിച്ചു.

(2). ഡോ രേഷ്മ പി എം സമർപ്പിച്ച പരാമർശം (7) ലെ അപേക്ഷ വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടിയ്ക്ക് വിധേയമായി സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി .പരമാർശം (6) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് നിശ്ചിത മാതൃകയിൽ **08.08.2025** തീയതിയ്ക്കകം ബോണ്ട് സമർപ്പിക്കുന്നതിന് പരാമർശം (8) പ്രകാരം ഡോ രേഷ്മ പി എം ന് അറിയിപ്പ് നൽകി.പ്രസ്തുത നിർദ്ദേശം ടിയാൾ പാലിച്ചില്ല. ബോണ്ട് സമർപ്പിക്കുന്നതിന് സാവകാശം ആവശ്യപ്പെട്ട് പരാമർശം (8) പ്രകാരം ഇമെയിൽ സമർപ്പിച്ചു. ആയതിനാൽ പ്രസ്തുത ബോണ്ട് സമർപ്പിക്കുന്നതിന് പരമാർശം (9) പ്രകാരം **14.11.2025** തീയതി വരെ സമയം അനുവദിച്ച് ഒരവസരം കൂടി നൽകിയിരുന്നു. എന്നിട്ടും ഡോ രേഷ്മ പി എം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം പാലിക്കുന്നതിന് തയ്യാറായിട്ടില്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ടി സാഹചര്യത്തിൽ ഡോ രേഷ്മ പി എം സമർപ്പിച്ച അപേക്ഷ തൃപ്തികരമായി കണക്കാക്കുന്നതിന് നിർവ്വാഹമില്ല. ആയതിനാൽ **26.01.2020** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ രേഷ്മ പി എം അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

**(3).** ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ രേഷ്മ പി എം അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by
Reena K J
Date: 20-01-2026 20:49:47

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Reshma P M,**

**Padinjate House, Chittira, Thalore P O,**

**Thrissur- 680306**

പകർപ്പ്,

**1.** അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
തിരുവനന്തപുരം

**2.** ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
തൃശ്ശൂർ.

**3.** സൂപ്രണ്ട്,
ജനറൽ ആശുപത്രി ഇരിങ്ങാലക്കുട, തൃശ്ശൂർ
(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

**4.** ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

**5.** ഫയൽ

.